"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ വാഴയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീ സർവ്വെ 21-ൽപെട്ട 10 സെന്റ് ചാലിയാർ പുഴ പുറമ്പോക്ക് ഭൂമി ആർ. പി. റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (കടവ് റിസോർട്ട്) എന്ന സ്ഥാപനത്തിന് 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 കാലയളവ് വരെ പാട്ടം പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.22/2026/RD തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:- 1. 26.05.2020- ലെ സ.ഉ.(സാധാ) നം.1954/2020/റവ നമ്പർ ഉത്തരവ്

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.01.2023, 05.05.2023, 08.10.2024 തീയതികളിലെ LR/4084/2021-LR(J5) നമ്പർ കത്തുകൾ

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ വാഴയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീ സർവ്വെ 21-ൽപെട്ട 10 സെന്റ് ചാലിയാർ പുഴ പുറമ്പോക്ക് ഭൂമി ആർ. പി. റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (കടവ് റിസോർട്ട്) എന്ന സ്ഥാപനത്തിന് പാട്ടത്തിന് അനുവദിക്കുകയും പരാമർശം (1) ഉത്തരവ് പ്രകാരം 2018-19 മുതൽ 2020-21 കാലയളവ് വരെ പാട്ടം പുതുക്കി നൽകിയിട്ടുള്ളതുമാണ്. 2021-22 മുതൽ 2023-24 കാലയളവിലേക്കുള്ള പാട്ടം പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിട്ടുണ്ട്. 2020-21 കാലയളവ് വരെയുള്ള പാട്ടത്തുക ആർ പി റിസോർട്ട് ഒടുക്കിയിട്ടുള്ളതായി മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ വാഴയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീ സർവ്വെ 21-ൽപെട്ട 10 സെന്റ് ചാലിയാർ പുഴ പുറമ്പോക്ക് ഭൂമി ആർ. പി. റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (കടവ് റിസോർട്ട്) എന്ന സ്ഥാപനത്തിന് 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 കാലയളവ് വരെ കമ്പോളവിലയുടെ 5% പാട്ടനിരക്കിൽ, 2021-22 സാമ്പത്തിക വർഷം 26,791/- രൂപയും, 2022-23 സാമ്പത്തിക വർഷം 29,470/- രൂപയും, 2023-24 സാമ്പത്തിക വർഷം 32,076/- രൂപയും കണക്കാക്കി ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായും പാട്ടം പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവു;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാട്ടുള്ളതല്ല;

iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഓരോ മൂന്നു വർഷം കൂടുംതോറും നിലവിലെ കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കേണ്ടതാണ്.

v) ഭൂമി എല്ലാ തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ട ചുമതല ആർ. പി. റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡിനായിരിക്കും.

vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

3. ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടർ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതും, 2024-25 സാമ്പത്തിക വർഷം മുതൽ പാട്ടം പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനു എസ് നായർ ഐ എ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

മാനേജിംഗ് ഡയറക്ടർ, ആർ.പി.റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (കടവ് റിസോർട്ട്), മലപ്പുറം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (EXP-D3/25/2023-FIN)

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-L1/3/2023-REV)

ഉത്തരവിൻ പ്രകാരം

**Signed by Priya Vincent**
**Date: 13-01-2026 16:23:15**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എ.യ്ക്ക്.